ഇന്ദിര മടങ്ങി

കൽക്കത്ത, ജനു. 8
കേന്ദ്രവാർത്താവിനിക്ഷേപണ മന്ത്രി മിസിസ്സ്. ഇന്ദിരാ ഗാന്ധി ഇന്നു രാവിലെ ഡൽഹിയിലേക്ക് മടങ്ങി.
[പി ടി ഐ]

Reg: No. K. 31

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor: T. O. Mathew M. A. Managing Editor: B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

പുസ്തകം 12 | ലക്കം 8 | 1965 ജനുവരി 9 ശനി, ഉദ്ദേശം | വില 7 പൈസ | പേജ് 4

സാമ്പത്തിക കുത്തക തകരണം

തെരഞ്ഞെടുപ്പിൽ പിന്തിരിപ്പൻശക്തികളെകൂട്ടുപിടിക്കില്ല
വലതുപക്ഷ കമ്മ്യൂ: നേതാക്കളുടെ നിലപാട്

(സ്വ ലേ) ഉദുമ, ജനു: 8

കോൺഗ്രസ്സിനെ പഞ്ചായത്തുതലത്തിൽ പിന്തുണയ്ക്കുന്നതിനും, എല്ലാ 'ഫ്രൈക്കത്തെയും' ഒട്ടിച്ചു പി-ക്കുന്നതിനുമുള്ള ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നയവുമായി തങ്കോപക്ക് യോജിക്കുവാൻ കഴിയുകയില്ലെന്ന് വലതുപക്ഷ കമ്മ്യൂണിസ്റ്റ് പാർട്ടി ജനറൽസെക്രട്ടറി രാജേശ്വരറാവു, കേന്ദ്ര സെക്രട്ടറിയേറ്റംഗങ്ങളായ എം എൻ ഗോവിന്ദൻനായർ, എൻ രാമകൃഷ്ണൻ എന്നിവർ ഇന്നുച്ചയ്ക്ക് പാർട്ടി ഓഫീസിൽവച്ചു നടത്തിയ ഒരു പത്രസമ്മേളനത്തിൽ പ്രസ്താവിക്കുകയുണ്ടായി. ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് പാർട്ടി വരുന്ന തെരഞ്ഞെടുപ്പിൽ സ്വതന്ത്രപാർട്ടി, ഡി.എം.കെ, മുസ്ലീം ലീഗ് തുടങ്ങിയ കോൺഗ്രസ്സ് ഇതരമായ വർഗ്ഗീയ പിന്തിരിപ്പൻ ശക്തികളുമായി കൂട്ടുകൂടുന്നത് മരുന്നിക്കുവാൻ തയ്യാറായിരിക്കുകയാണെന്നും വലതുപക്ഷ നേതാക്കൾ ആരോപിച്ചു. ഇടതുപക്ഷവുമായി തങ്ങൾ ഇപ്പോൾ ഉണ്ടാക്കിയിരിക്കുന്നത് അവസരവാദ (ഇടതുപക്ഷക്കാർ) പിന്തിരിപ്പൻ വലയത്തിൽനിന്നും വേർപെടുത്തുന്നതിനുവേണ്ടിയാണെന്നും അവർ പറഞ്ഞു. ഇടതുപക്ഷനേതാക്കളുടെ അഭിപ്രായം തങ്ങൾക്കും സ്വീകാര്യമാണെന്ന് നേതാക്കൾ പ്രസ്താവിച്ചു.

സ്റ്റോറ് സെക്രട്ടേറിയറ്റ്

വലതുപക്ഷ കമ്മ്യൂ: പാർട്ടിയുടെ സ്റ്റേറ്റ് സെക്രട്ടേറിയറ്റ് അംഗങ്ങളായി സി അച്യുതമേനോൻ, എസ്സ് കുമാരൻ, എൻ ഇ ബാലറാം, സി ജനാർദ്ദനൻ, സി ഉണ്ണിരാജ, ടി സി നാരായണൻനമ്പ്യാർ, പി ടി പുന്നൂസ്, എസ് സുബ്രഹ്മണ്യശർമ്മ, പി ആർ നമ്പ്യാർ എന്നിവരെ തിരഞ്ഞെടുത്തിരിക്കുന്നു.

പ്രമേയം പാസ്സാക്കിയാൽ മാത്രംസോഷ്യലിസം വരില്ലെന്ന് ജഗ്ജീവൻറാം

(പി. ടി. ഐ.) ഉദ്ധാപ്പൂർ, ജനു. 8

രാജ്യത്തുള്ള സാമ്പത്തിക കുത്തക തകർക്കുന്നതിനും ദേശീയസമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണത്തിനും കൂടുതൽ ശക്തിമത്തായ നടപടികൾ ആവശ്യമാണെന്ന് മൻകേന്ദ്രമന്ത്രി ജഗ്ജീവൻറാം ഇന്ന് ആവശ്യപ്പെട്ടു.

കോൺഗ്രസ് വിഷയനിർണ്ണയക്കമ്മറ്റിയിൽ സാമ്പത്തിക കാര്യപരിപാടി സംബന്ധിക്കുന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ടു, ഇക്കാര്യത്തിൽ ഗവൺമെന്റ് ഇതുവരെ എടുത്തിട്ടുള്ള നടപടികൾ തികച്ചും തൃപ്തികരമല്ലെന്ന് അദ്ദേഹം പറഞ്ഞു.

15 കുടുംബങ്ങൾ

രാജ്യത്തിലുള്ള വ്യവസായങ്ങളുടെ സിംഹഭാഗം പതിനഞ്ചു പതിനാറു കുടുംബങ്ങൾക്കുടിയാണെന്ന് നിയന്ത്രിക്കുന്നു. ജനങ്ങളുടെ ദാരിദ്ര്യം നീക്കണമെങ്കിൽ അവരുടെ ജീവിതത്തിനുതന്നെ ഉയർത്തണമെന്നും നാം ആഗ്രഹിക്കുന്നപക്ഷം രാജ്യത്തിന്റെ തുലൃവിതരണത്തിന് കൂടുതൽ ഫലപ്രദമായ നടപടികൾ എടുക്കേണ്ടിയിരിക്കുന്നു. ആ ലക്ഷ്യം നേടുകയെന്നതാണ് ഈ പ്രമേയംകൊണ്ട് ഉദ്ദേശിക്കുന്നത്.

ഉപഭോഗപ്രമേയം ജനാധിപത്യത്തിൻറെയും സോഷ്യലിസത്തിൻറെയും സിദ്ധാന്തങ്ങളുടെ ഉൾക്കൊള്ളുകയുണ്ടായി. ഇപ്പോഴത്തെ പ്രമേയം അവയുടെ സാക്ഷാൽക്കാരത്തിനുള്ള വഴിയാണ്. തെളിയിക്കുന്നത്. ഒരു പ്രമേയം പാസ്സാക്കിയതുകൊണ്ടുമാത്രം സോഷ്യലിസം നടപ്പാകില്ല. അതിനു ജനങ്ങളുടെ പിൻതുണയും, പരിശ്രമവും ഉണ്ടാകേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഭൂപരിഷ്കരണം പോളിഞ്ഞു

കൃഷിക്കുവേണ്ടി നിലമെടുത്തുപയോഗിക്കുന്നതിനുവേണ്ടി ഉദ്ദേശിക്കപ്പെട്ട ഭൂപരിഷ്കരണനിയമങ്ങൾ പൂർണ്ണമായും നടപ്പിൽ വരുത്തിയിട്ടില്ല. അങ്ങനെ ഫലമായി ധനികരായ കൃഷിക്കാർക്കുമാത്രമേ അതിൽനിന്ന് മെച്ചമുണ്ടായുള്ളൂ. ഒരിടർ കൂടുതൽ ദരിദ്രരായിട്ടുണ്ടെന്നും പറഞ്ഞു കൂടാ. പക്ഷേ ധനികർ കൂടുതൽ ധനികരായിട്ടുണ്ടെന്ന് തീർച്ച.

ഭരണരീതി മാറണം

സോഷ്യലിസം നടപ്പിലാക്കുന്നതിനു അതിനനുപാതിയായ ഒരു ഭരണസംവിധാനം വേണം. നിലവിലുള്ള സംവിധാനമാകട്ടെ ബ്രിട്ടീഷ് കാരിൽനിന്നു കിട്ടിയതാണ്. കാലം മാറി, അതിനനുസരിച്ച് ഭരണസംവിധാനത്തിലും മാറ്റംവേണം. സോഷ്യലിസം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പരിപാടികൾ നിർവ്വഹിക്കുവാൻ സോഷ്യലിസത്തിൽ വിശ്വാസമില്ലാത്തവരെ ഏല്പിക്കരുതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ചോദ്യചിഹ്നമായ കേസ്
കുസ്യാനകളുടെ പേരിലുണ്ടായിരുന്ന സെക്യൂരിറ്റി കേസ് തള്ളപ്പെട്ടു

(സ്വ ലേ) ഉദുമ, ജനു 8

ചോദ്യചിഹ്നമായ് കുസ്യാനും സംബന്ധിച്ച് കുസ്യൻ വിഭാഗത്തിൽപ്പെട്ട 15 പേരുടെ പേരിൽ ആർ ഡി ഒ കോടതിയിൽ നടന്നുവന്നിരുന്ന സെക്യൂരിറ്റി കേസ് ഇന്നു വിചാരണയ്ക്കുവന്നത് തള്ളിക്കളഞ്ഞിരിക്കുന്നു. ഈ കേസിൽ ഹാജരായിരുന്നു അഡ്വ ബി വീരപാണ്ഡ്യനാണ്.

14 ലക്ഷം മരത്തൈ!

ഉദ്ധാപ്പൂർ, ജനു. 7

ഉദ്ധാപ്പൂർ കോൺ: സംഘടനത്തിനു വേണ്ടി സ്വാഗതസംഘം 14 ലക്ഷം ഉദ്യാനവൃക്ഷത്തൈകൾ നടുവാൻ തീരുമാനിച്ചു. ഇന്ന് വിഷയനിർണ്ണയക്കമ്മറ്റിയിൽ വെളിപ്പെടുത്തി. ഇന്നിൽ പങ്കുചേരുന്നവരും ഒന്നും രണ്ടും ശുപാവിനുള്ള സംഭാവനയായിരുന്നു വരുത്തു. ആയിരക്കണക്കിനു പൊതുപ്രവർത്തകർ സംഭാവന പിരിക്കാൻ ഇറങ്ങിയതുകൊണ്ടാണ് പൊതുപൊതു സംഭാവനകളും ലഭിച്ചുതെന്നും ഷോഷ് കൂട്ടിച്ചേർത്തു പി ടി. ഐ

ഇന്തോനേഷ്യക്ക് ചരിപ്പണി നടത്തിയ സൈക്കോർക്കുകാർ അറസ്റ്റിൽ

[റോയിട്ടർ] വാഷ്ംഗ്ടൺ, ജനു 8

സോവിയറ്റ് യൂണിയനുവേണ്ടി ചാരപ്പണി നടത്തിയെന്നതിൻറെപേരിൽ ഒരു സൈക്കോർക്കുനെ അറസ്റ്റ്ചെയ്തിരിക്കുന്നു, എഫ് ബി ഐ ഏജൻറ് ഇവിവരം വെളിപ്പെടുത്തിയതു. അറസ്റ്റു ചെയ്യപ്പെട്ട റോബർട്ട് തോംസനെ, അയാളും അമേരിക്കൻ പൗരനായ ഒരു സ്ത്രീയുമെന്ന ഘട്ടത്തിൽ, 1957 ൽ, ബെർലിനിൽവച്ച് റഷ്യക്കാർ ചാരനായി റിക്രൂട്ട്ചെയ്യുകയുണ്ടായെന്ന് എഫ് ബി ഐ ഡയറക്ടർ എഡ്ഗാർഹൂവർ പറഞ്ഞു. തോംസൻറെ സഹപ്രവർത്തകൻ ഹെൻറി കുഹ്നെസ്സൻ എന്നയാളെ പേരുള്ള ഒരു റഷ്യക്കാരനാണ്.

ഇന്തോനേഷ്യക്ക് മികച്ച സേന

(റോയിട്ടർ) ലണ്ടൻ, ജനു 8

തെക്കു കിഴക്കൻ ഏഷ്യയിലെ ഏറ്റവും വമ്പിച്ച സൈനികശക്തിയാണ് ഇന്തോനേഷ്യ മലേഷ്യയെ നേരിടുന്നതു. ഉദ്യോഗസ്ഥന്മാർക്കും ഇവ സേനയുടെ എണ്ണം 412,000 ആണ്. ഇതിൽ 60000 പാരാസേനയാണ്. ഇവ വിവരങ്ങളും തന്ത്രാപരങ്ങളുമാണ് സ്ഥാപനമാണ് പുറത്തുവിട്ടതു ഇംഗ്ലണ്ടിലെ സ്ഥാപനമാണ്. അതിൽ രാഷ്ട്രീയ-കൈനികവിദഗ്ദ്ധരാണ് പ്രവർത്തിക്കുന്നത്. ഇന്തോനേഷ്യക്ക് സോവിയറ്റിൽനിന്നും ഏതാണ്ട് 1200 മിൽസ്റ്റാർട്ട് വിമാനങ്ങൾകിട്ടിയിട്ടുണ്ടെന്നും ഇവ സ്ഥാപനത്തിലെ ഒരു വക്താവു പറഞ്ഞു.

ഇന്ത്യൻ കുത്തകക്കാരെ സോവിയറ്റ് പത്രം എതിർക്കുന്നു

മോസ്കോ, ജനു. 8

ഇന്ത്യയിൽ വളരുന്ന കുത്തകശക്തിയെ സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പത്രമായ 'പ്രവ്ദ' ശക്തിയായി എതിർക്കുന്നു. ചേരിചേരാനയത്തെ തകർക്കുവാനും, ഭരണാധികാരം കുത്തകയുടെ കൈവശമാക്കുവാനും ഇന്ത്യൻ കുത്തകക്കാർ ശ്രമിക്കുന്നുണ്ടെന്നാണ് പത്രത്തിന്റെ നുഭവർഷാ ലേഖകൻ എഴുതിയ ഒരു ലേഖനത്തിൽ പറയുന്നതു. ഇന്ത്യൻ കമ്മ്യൂണിസ്റ്റുകളുടെ അഭിപ്രായപ്രകാരം കോൺഗ്രസ്സിനെപ്പോലെ 15 മിനുട്ടോളം സംസാരിച്ചുവെന്ന് വരുന്ന വിയറ്റ്നാം പ്രമേയത്തിൽ പറയുന്നതു ഇന്ത്യൻ കുത്തകക്കാർ ഒരുങ്ങുന്നുണ്ടെന്നാണ് പത്രത്തിന്റെ നുഭവർഷാ ലേഖകൻ എഴുതിയ ഒരു ലേഖനത്തിൽ പറയുന്നതു. ഇന്തോനേഷ്യൻ ആയുധങ്ങളും സ്പോടകവസ്തുക്കളും കയറ്റിയിരുന്ന ചരക്കുകപ്പലുകൾ ഇന്ത്യൻ തുറമുഖങ്ങളിൽ പ്രവേശിക്കുന്നതിനു അനുവാദം നിഷേധിച്ചുകൊണ്ടുള്ള ഇന്ത്യൻ തീരുമാനത്തെ പ്രശംസിച്ചുകൊണ്ടാണ് ലേഖനം ഉപസംഹരിക്കുന്നതു.

ഇന്തോനേഷ്യക്ക് ഇനി മതൽ ഐരാസയിലില്ല

സുകർണോയുടെ ഉഗ്രപ്രഖ്യാപനം

തങ്ങളെ ആക്രമിക്കാൻ സുകർണോ പ്ലാനിടുന്നുവെന്ന് മലയേഷ്യാ രക്ഷാസമിതിയെ അറിയിച്ചു

[റോയിട്ടർ] ലണ്ടൻ, ജനുവരി 8

ഇൻഡോനേഷ്യാ ഇനിമുതൽ ഐക്യരാഷ്ട്രസഭയിലെ ഒരംഗമല്ലെന്നും യുണൈറ്റഡ് നേഷൻസിലെ മുതലായ ചെകുത്താൻമാരുടെ ഏജൻസികളുടെ സഹായം ഇനി ആവശ്യമില്ലെന്നും പ്രസിഡണ്ട് സുകർണോ ഇന്നലെ രാത്രി പ്രഖ്യാപിച്ചതായി ജക്കാർത്താ റേഡിയോ റിപ്പോർട്ടുചെയ്തു.

സിംഗപ്പൂരിൽ നിരോധനം

സിംഗപ്പൂർ ഹാർബറിൽ രാത്രികാലങ്ങളിൽ ചെറിയ ഇന്തോ ബോട്ടുകളുടെ സഞ്ചാരം അധികൃതർ നിരോധിച്ചിരിക്കുന്നു. ഒരു ലൈബീരിയൻ കപ്പലിന്റെ നേരെ ഇന്നലെയുണ്ടായ ബോംബേറാണ് ഇതിനു കാരണം. ഇന്നുമുതൽ ഈ നിരോധനം പ്രാബല്യത്തിൽ വരും.

ഇന്നലെ നടന്ന ആക്രമണത്തിൽ ഉപയോഗിക്കപ്പെട്ട ഒരു ഇൻഡോനേഷ്യൻ ബോട്ട് പിടിച്ചെടുക്കപ്പെട്ടു. ബോട്ടിലുണ്ടായിരുന്ന രണ്ടുപേർ കസ്റ്റഡിയിലെടുത്തു. മറ്റാരെയും കാണാനില്ല. അയാൾ മുങ്ങിമരിച്ചിരിക്കാമെന്നും ഒരു മലയേഷ്യൻ ഗവൺമെന്റ് വക്താവു പറഞ്ഞു.

സ്പോടന മുണ്ടായപ്പോൾ, കരയിൽനിന്നും ഏകദേശം ഒന്നര മൈൽ അകലെയാണ് ലൈബീരിയൻ കപ്പൽ നങ്കൂരമുപ്പിച്ചിരുന്നതു. രണ്ടു ഇൻഡോനേഷ്യൻ അട്ടിമറിക്കാരാണ് കപ്പലിൽ ഈ സ്പോടകവസ്തു നിക്ഷേപിച്ചതെന്നു ഒരു മലേഷ്യൻ പ്രസ്താവനയിൽ പറയുന്നു. ഇന്തോനേഷ്യൻ ആയുധങ്ങളും സ്പോടകവസ്തുക്കളും കയറിയിരുന്ന മറ്റൊരു ബോട്ടുകൂടി, ഇയ്യിടയായിബ്രിട്ടീഷ്-മലയേഷ്യൻ കപ്പൽ ബോട്ടുകളും പിടിച്ചെടുത്തിട്ടുണ്ട്.

ഇൻഡോനേഷ്യയുടെ ആക്രമണപദ്ധതികൾക്ക് യോജിച്ച തിരിച്ചടി നൽകപ്പെടുമെന്നും ഏതുനിമിഷവും ഇന്നലെ കോലാലമ്പൂരിലെത്തിയ ബ്രിട്ടീഷ് ഡൈനറി കമ്മന്ത്രി മി. ഹൈഡാക്മള്ളി പ്രസ്താവിച്ചു. സുകർണോയ്ക്കു ബോധമുദിക്കുമെന്നും ബ്രിട്ടൻ പ്രതീക്ഷിക്കുന്നതായി അദ്ദേഹം പറഞ്ഞു.

രക്ഷ്യയ്ക്കു മുന്നറിപ്പ്

യാഥാസ്ഥിതിക പിൻഗാമികളുടെതെ സാമാന്യതത്വനയംതന്നെയാണ് ബ്രിട്ടനിലെ ലേബർ ഗവൺമെന്റും പിന്തുടരുന്നതെന്ന് സോവ്യറ്റ് ഗവ. പത്രമായ 'ട്രസ്വെസ്റ്റിയ' ആരോപണം നടത്തിയിരിക്കുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളിലെ ഏറ്റവും വമ്പിച്ച കൊള്ളനിയിൽ നടപടി ബ്രിട്ടൻ സ്വീകരിക്കുന്നതായി കാണപ്പെടുന്നു. മലയേഷ്യാ പ്രശ്നത്തെക്കുറിച്ച് ബ്രിട്ടീഷ് കൊളോണിയൽ ഘടകങ്ങളും യുഎൻപ്പെടുകളും, വിമാനങ്ങളും നിലനിന്നതിനെയാണ് തെങ്കിലും പരാമർശിക്കുന്നതു.'

ബ്രിട്ടനിലെ ലേബർ ഗവൺമെന്റിനെ മുതലായ കാപട്യത്തെ കൊളോണിയൽനടപടികളിൽ, ബ്രി. ഗയനാ പ്രധാനമന്ത്രി സ്ഥാനഭ്രഷ്ടനായതും പെൻസ്ഥിഗവനെ മാറ്റിയതും ഓർമ്മപ്പെടുത്തുന്നു. മലയേഷ്യൻ രക്ഷാസമിതിയെ അറിയിച്ച

ഇന്തോനേഷ്യക്ക് ആയുധച്ചരക്കുകൊണ്ടുവന്ന കപ്പൽ തടഞ്ഞു

ഒട്ടാപ്പൂർ, ജനു 7

കാൺഗ്രസ് നഗരൻ വേട്ട നടത്തി കൊണ്ടിരുന്ന ഒരു സംസ്ഥാനാന്തര പാക്കറാട്ടി സംഘത്തെ പോലീസ് പിടികൂടിയിരിക്കുന്നു.

ഇന്നലെ ഒരു പ്രതിനിധിയുടെ പാക്കറാൽനിന്നും 700 രൂപ തട്ടിയെടുത്തതോടുകൂടിയാണ് പോലീസ് ജാഗരൂകമായത്.

ഇവ വലിയ പാക്കറാട്ടിസംഘം അനേകം ചെറിയ ഗ്രൂപ്പുകളായി പിരിഞ്ഞ് സംഭാവനത്തിൽ തട്ടിക്കുന്ന ജനക്കൂട്ടത്തിനിടയിൽ പ്രവർത്തിക്കുകയായിരുന്നു. പല പാക്കറാട്ടിക്കാർ വിലപിടിച്ച സൂട്ടുകളും കാൺഗ്രസ് ബാഡ്ജുകളും ധരിച്ചിരുന്നു.

പ്രദേശത്തല്ലാം 1700 രൂപാ അടങ്ങിയ ഒരു പെഴ്സ് തട്ടിയെടുത്തപ്പോൾ ഒരു പാക്കറാട്ടിക്കാരനെ പോലീസ് കയ്യോടെ പിടികൂടി. പതാക ഉയർത്തൽ ചടങ്ങിനിടയിൽവച്ച് മാരകമല്ലാതെ സേവാദൾ വളണ്ടിയറാണും പിടിച്ചു.

കൽക്കട്ടായിലെ ഒരു ഫിനാപാക്കറാട്ടി ഓർ ലേഖകനിൽ നിന്നും 200 രൂപായും കാറും പോലീസ് പാക്കറാട്ടിക്കുപ്പെട്ടു.

കോൺ: മന്ത്രിമാക്ക് എതിരെ അഴിമതി ആരോപണങ്ങളും ഉയർന്നുപൊങ്ങാണ് ഈ പോക്കറാട്ടിക്കാരും കോൺ: സമ്മേളനങ്ങളും തപ്പാൻ തുടങ്ങിയതു.

—ജ

ഇൻഡസ്ട്രീസ് ഓഫീസർ

എറണാകുളം ജനു 8

എറണാകുളം ജില്ലാ ഇൻഡസ്ട്രീസ് ഓഫീസറായി നിയമിക്കപ്പെട്ടിരിക്കുന്ന ശ്രീ. ആർ അബ്ദുൾഹമീദ് ഇവിടെ എത്തി ചാർജ്ജെടുത്തിരിക്കുന്നു.

(സ.ലേ)

ഒറ്റപ്പൂർ സമ്മേളനം
ബോബെയ്നെച്ചൊല്ലി വിഷയനിർണ്ണയകമ്മറ്റിയിൽ തർക്കം

മൊറാർജിയുടെ പ്രമേയം പാസ്സായി

(പി. ടി. ഐ.) ഒറ്റപ്പൂർ, ജനുവരി 8

മൊറാർജി ദേശായി അവതരിപ്പിച്ച അന്താരാഷ്ട്രീയ പ്രമേയം കോൺഗ്രസ്സ് വിഷയനിർണ്ണയക്കമ്മറ്റി ഇന്ന് അംഗീകരിച്ചു

വൈദേശിക കുത്തകയുടെ നേരിട്ടുള്ള നിന്നും ഇന്ത്യ ആറാംപഞ്ചവത്സര പദ്ധതിക്കുവേണ്ടി ഉണ്ടാക്കുന്നതായ ഇന്നലെ രാത്രി പ്രഖ്യാപിച്ചതായി ജക്കാർത്താ റേഡിയോ റിപ്പോർട്ടുചെയ്തു.

സിംഗപ്പൂരിൽ നിരോധനം

സിംഗപ്പൂർ ഹാർബറിൽ രാത്രികാലങ്ങളിൽ ചെറിയ ഇന്തോ ബോട്ടുകളുടെ സഞ്ചാരം അധികൃതർ നിരോധിച്ചിരിക്കുന്നു. ഒരു ലൈബീരിയൻ കപ്പലിന്റെ നേരെ ഇന്നലെയുണ്ടായ ബോംബേറാണ് ഇതിനു കാരണം. ഇന്നുമുതൽ ഈ നിരോധനം പ്രാബല്യത്തിൽ വരും.

ഇന്നലെ നടന്ന ആക്രമണത്തിൽ ഉപയോഗിക്കപ്പെട്ട ഒരു ഇൻഡോനേഷ്യൻ ബോട്ട് പിടിച്ചെടുക്കപ്പെട്ടു. ബോട്ടിലുണ്ടായിരുന്ന രണ്ടുപേർ കസ്റ്റഡിയിലെടുത്തു. മറ്റാരെയും കാണാനില്ല. അയാൾ മുങ്ങിമരിച്ചിരിക്കാമെന്നും ഒരു മലയേഷ്യൻ ഗവൺമെന്റ് വക്താവു പറഞ്ഞു.

സ്പോടന മുണ്ടായപ്പോൾ, കരയിൽനിന്നും ഏകദേശം ഒന്നര മൈൽ അകലെയാണ് ലൈബീരിയൻ കപ്പൽ നങ്കൂരമുപ്പിച്ചിരുന്നതു. രണ്ടു ഇൻഡോനേഷ്യൻ അട്ടിമറിക്കാരാണ് കപ്പലിൽ ഈ സ്പോടകവസ്തു നിക്ഷേപിച്ചതെന്നു ഒരു മലേഷ്യൻ പ്രസ്താവനയിൽ പറയുന്നു. ഇന്തോനേഷ്യൻ ആയുധങ്ങളും സ്പോടകവസ്തുക്കളും കയറിയിരുന്ന മറ്റൊരു ബോട്ടുകൂടി, ഇയ്യിടയായിബ്രിട്ടീഷ്-മലയേഷ്യൻ കപ്പൽ ബോട്ടുകളും പിടിച്ചെടുത്തിട്ടുണ്ട്.

ഇൻഡോനേഷ്യയുടെ ആക്രമണപദ്ധതികൾക്ക് യോജിച്ച തിരിച്ചടി നൽകപ്പെടുമെന്നും ഏതുനിമിഷവും ഇന്നലെ കോലാലമ്പൂരിലെത്തിയ ബ്രിട്ടീഷ് ഡൈനറി കമ്മന്ത്രി മി. ഹൈഡാക്മള്ളി പ്രസ്താവിച്ചു. സുകർണോയ്ക്കു ബോധമുദിക്കുമെന്നും ബ്രിട്ടൻ പ്രതീക്ഷിക്കുന്നതായി അദ്ദേഹം പറഞ്ഞു.

രക്ഷ്യയ്ക്കു മുന്നറിപ്പ്

യാഥാസ്ഥിതിക പിൻഗാമികളുടെതെ സാമാന്യതത്വനയംതന്നെയാണ് ബ്രിട്ടനിലെ ലേബർ ഗവൺമെന്റും പിന്തുടരുന്നതെന്നയാണ് സോവ്യറ്റ് ഗവ. പത്രമായ 'ട്രസ്വെസ്റ്റിയ' ആരോപണം നടത്തിയിരിക്കുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളിലെ ഏറ്റവും വമ്പിച്ച കൊള്ളനിയിൽ നടപടി ബ്രിട്ടൻ സ്വീകരിക്കുന്നതായി കാണപ്പെടുന്നു. മലയേഷ്യാ പ്രശ്നത്തെക്കുറിച്ച് ബ്രിട്ടീഷ് കൊളോണിയൽ ഘടകങ്ങളും യുഎൻപ്പെടുകളും, വിമാനങ്ങളും നിലനിന്നതിനെയാണ് തെങ്കിലും പരാമർശിക്കുന്നതു.'

ബ്രിട്ടനിലെ ലേബർ ഗവൺമെന്റിനെ മുതലായ കാപട്യത്തെ കൊളോണിയൽനടപടികളിൽ, ബ്രി. ഗയനാ പ്രധാനമന്ത്രി സ്ഥാനഭ്രഷ്ടനായതും പെൻസ്ഥിഗവനെ മാറ്റിയതും ഓർമ്മപ്പെടുത്തുന്നു. മലയേഷ്യൻ രക്ഷാസമിതിയെ അറിയിച്ച

ഇന്ത്യൻ സമുദ്രത്തിലെ മത്സ്യസമ്പത്തു്

അന്താരാഷ്ട്രീയ തലത്തിൽ അന്വേഷണം നടത്തണമെന്നു് റഷ്യൻ വിദഗ്ധസംഘം

(പി. ടി. ഐ.) എറണാകുളം, ജനുവരി 8

ഇന്ത്യൻ സമുദ്രത്തിലെ മത്സ്യസമ്പത്തു് എത്രയുണ്ടെന്നറിയാൻ അന്താരാഷ്ട്രയതലത്തിൽ ഒരു അന്വേഷണം നടത്തണമെന്നു് സോവിയറ്റ് മത്സ്യഗവേഷണസംഘം നേതാവു് മി. സ്വിഷ്ഡായെവു് ഇന്നലെ ഇവിടെവച്ചു് പ്രസ്താവിച്ചു.

ഈ സമുദ്രത്തിൽ ഒരൊറ്റ രാജ്യത്തെ ഒക്കുമുമാത്രം അന്വേഷണം നടത്താൻ എളുപ്പമല്ല. ലോകസമുദ്രങ്ങളിൽവച്ചു് മത്സ്യഗവേഷണാത്മം തീർത്തും പുരോഗമിച്ചുകഴിഞ്ഞിട്ടുള്ള കിഴക്കനേഷ്യൻ സമുദ്രം, എന്നീ വയുടെ മത്സ്യസമ്പത്തു് നിർണ്ണയിക്കുകയാണ് ഈ സംഘത്തിന്റെ പ്രധാന ലക്ഷ്യം. വ്യവസായപ്രധാനമായ ഇനത്തിൽപ്പെട്ട മത്സ്യങ്ങൾക്കു് അവർ പ്രത്യേക പരിഗണനയും നൽകും.

കഴിഞ്ഞവർഷം ജൂലൈ 21-നാണ് ഓഷനോഗ്രാഫിക്കുനിന്നും ഈ കപ്പൽ പുറപ്പെട്ടതു്. ഇനി മൂന്നുമാസത്തേക്കുകൂടി അവർ മത്സ്യപ്രോക്കനായിരിക്കും.

കൊച്ചിയിലെ ഒരു പ്രമുഖ ചെമ്മീൻ കയറ്റുമതി സ്ഥാപനമായ ഫെലക്സിബിൾ ഫ്രീസിൻറ് ഡയറക്ടർമാർ ഇന്നലെ രാത്രി ഈ സംഘത്തിനു് ഒരു ഡിന്നർ നൽകി.

—

ഒരു ലക്ഷം ക. പിടിച്ചെടുത്തു

[പി ടി ഐ] കൽക്കത്ത, ജനു. 8

ഇവിടത്തെ ഒരു പ്രമുഖ വ്യവസായിയുടെ വസതിയിൽനിന്നും ഒരു ലക്ഷം ഉറുപ്പിക ഇന്നലെ ആദായനികുതി വകുപ്പ് പിടിച്ചെടുത്തു. ഏതാനും രേഖകളും അവിടെനിന്നു് കി ട്ടി.

നിച്ചും സ്വാതന്ത്ര്യപ്രശ്നവും കൊണ്ടുള്ളതാണ് ദേശായി പറഞ്ഞ യുക്തി ൻറെ തിരോധാനത്തിലാണ് ഇന്ത്യയുടെ തിരുമാറ്റം കിടക്കുന്നു. ഗാന്ധിജിയുടെ പേരു് ഇന്ത്യ ഒരിക്കലും മറക്കുകയില്ല. ഗാന്ധിജിയുടെയും, നെഹ്രുവിൻറെയും ഇന്ത്യ ആയിരിക്കുകയില്ല. ആറാംപഞ്ചവത്സരപദ്ധതിയുടെ സംബന്ധിക്കുന്ന പത്രസമ്മേളനത്തിൽ ഇന്ത്യയുടെ പുനർവിഭജനത്തിൻറെ ഫലമായി ഉണ്ടായ പ്രശ്നങ്ങളെപ്പറ്റി ചോദ്യങ്ങൾ ഉയർന്നപ്പോഴാണ് ദേശായി ഇപ്രകാരം പറഞ്ഞതു്.

[റോയിട്ടർ]

ഐക്യമുന്നണി ചർച്ച ആരംഭിച്ചു

(സ്വ ലേ) എറണാകുളം, ജനു 8

ഇടതുപക്ഷകമ്മ്യൂണിസ്റ്റുകാരുമായുള്ള ഐക്യമുന്നണിയെപ്പറ്റി ചർച്ചചെയ്യുന്നതിനുവേണ്ടി കോൺഗ്രസ്സിലെ ഒരു വിഭാഗം നേതാക്കന്മാർ ഇന്നലെ രാത്രി കൊച്ചിയിൽ എത്തിച്ചേർന്നു. ഇവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന കെ പി സി സി പ്രസിഡണ്ട് ശ്രീ. കെ കരുണാകരൻ, ടി വി തോമസ്, ടി കെ വേലുപിള്ള തുടങ്ങിയ കോൺഗ്രസ്സുകാരുമായി ഇന്നലെ രാത്രി ചർച്ചകൾ നടന്നു. ഇന്നും ചർച്ചകൾ തുടരുന്നുണ്ട്. ഇടതുപക്ഷ കമ്മ്യൂണിസ്റ്റുകാരുമായി ഐക്യമുന്നണിയുണ്ടാക്കുന്നതിനുള്ള സാധ്യതകളെപ്പറ്റിയാണ് ചർച്ചകൾ നടക്കുന്നതു്.

തെ വിയറാം നാം കഴിപ്പും
ഗറില്ലകൾ തെഗോൺ വളയുമെന്നു് ഭീതി!

ജയിലിൽ കിടക്കുന്ന നേതാക്കളെ വിട്ടയക്കാൻ തീരുമാനം

റോയിട്ടർ സൈഗോൺ, ജ. 8

കഴിഞ്ഞ മാസത്തിൽ സൈനികഭരണാധികാരം കയ്യേറിയ വിപ്ലവനേതൃത്വം അറസ്റ്റുചെയ്യപ്പെട്ട ഒരു വിയറാംകാരം ഉൾപ്പെടുന്ന ലേബർമന്ത്രിസമിതി അംഗങ്ങളെ വിട്ടയക്കുവാൻ സിവിലിയൻ ഭരണാധികാരം തീരുമാനിച്ചിരിക്കുന്നു.

അമേരിക്കൻ അധ്യക്ഷനായി കൂടിയാലോചനകൾ നടത്തിയതിനുശേഷമാണ് അവർ ഈ തീരുമാനത്തിൽ എത്തിയതു്. തെക്കൻവിയറാംസർക്കാരിനെ ഔദ്യോഗികമായി അംഗീകരിക്കുവാൻ അമേരിക്കൻ ഭരണകൂടം വിസമ്മതിച്ചിരുന്നു. ഇപ്പോൾ ഈ തീരുമാനത്തിൽ എത്തിയതിനുശേഷം അമേരിക്കൻ ഭരണകൂടം തെക്കൻവിയറാംസർക്കാരിനെ അംഗീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

ഈ കാര്യത്തെസംബന്ധിക്കുന്ന വിശദമായ പത്രങ്ങളുടെ ഇന്നു് നിലവിലില്ലെന്നു് സർവ്വകലാശാലയുടെ ഒരു അറിയിപ്പിൽ പറയുന്നു.

[പി ടി ഐ]

വ്യവസായ പ്രദർശനം ഉൽഘാടനം ചെയ്തു

കാണ്ട്മണ്ഡു, ജനു. 8

കാണ്ട്മണ്ഡുവിൽ ഒരുമാസമായി സംഘടിപ്പിക്കപ്പെടുന്ന ഇന്ത്യൻ വ്യാവസായിക പ്രദർശനം മഹാരാജാവു് ഇന്നു് ഉൽഘാടനം ചെയ്തു. പ്രദർശനസ്ഥലത്തിനു് 32000 ചതുരശ്ര അടി വിസ്തീർണ്ണമുണ്ടു്.

(പി ടി ഐ)

ഇന്തോനേഷ്യൻ സേന ഇങ്ങോ!

സിങ

ആലപ്പുഴ ജില്ലയുടെ കവാടത്തിൽ ഒരു വ്യവസായ എസ്റ്റേററ്

(സ്വ. ലേ) ആലപ്പുഴ, ജനുവരി 7

അരൂർപ്പാലം കയറി ആലപ്പുഴ ജില്ലയുടെ വടക്കേ അതിർത്തിയിൽ കാലൂന്നുന്ന കവാടപ്രദേശത്തു് ആസൂത്രിതരീതിയിലുള്ള ഒരു വ്യവസായ എസ്റ്റേററ് രൂപംപൂണ്ടു വരികയാണിപ്പോൾ, വ്യവസായവല്ക്കരണത്തിന്റെ കാര്യത്തിൽ പിന്നോക്കം നില്ക്കുന്ന ഈ ജില്ലയെ സംബന്ധിച്ചേടത്തോളം ഇതൊരനുഗ്രഹം തന്നെയാണ്.

ആലപ്പുഴ റൂറൽ ഇൻഡസ്ട്രിയൽ പ്രോജക്ടിന്റെ ആഭിമുഖ്യത്തിൽ ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ള ഇതു് ഒരു കെമിക്കൽ ഇൻഡസ്ട്രിയൽ എസ്റ്റേററാണ്. ദേശീയ ഹൈവേ 47 ന്റെ ഇരുവശങ്ങളിലുമായി ഗവണ്മെന്റിൽനിന്നും അക്വയർ ചെയ്തു കൊടുത്തിട്ടുള്ള സ്ഥലത്തു് വിവിധ വ്യവസായ യൂണിററുകൾക്കുള്ള കെട്ടിടങ്ങൾ പലതും ഉയർന്നു തുടങ്ങിയിരിക്കുന്നു. വ്യവസായ സ്ഥാപനങ്ങളുടെ വെളിയേററംമൂലം വീർപ്പുമുട്ടിത്തുടങ്ങിയ എറണാകുളം ജില്ലയിൽനിന്നു അരൂർമാർഗ്ഗം അല്പാല്പമായി ഐശ്വര്യദേവതയെ ആലപ്പുഴയിലേക്ക് മാടിവിളിക്കുന്നതിനു് ഈ വ്യവസായ എസ്റ്റേററിന്റെ പ്രവർത്തനം പൂർത്തിയാവുന്നതോടുകൂടി സാധിക്കുമെന്നു പ്രത്യാശക്കു വക നൽകുന്നതാണ്.

റോഡിന്റെ കിഴക്കുഭാഗത്തായി ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നതു് കേരളാ കോപ്പറേഷന്റെയും, ലവീന എഞ്ചിനീയറിങ്ങ് വർക്ക്സിന്റേയും കെട്ടിടങ്ങളാണ്. ഇതിൽ ആദ്യത്തെ യൂണിററിനുവേണ്ടി 1,60,000 രൂപായും, രണ്ടാമത്തേതിനുവേണ്ടി 1,02,000 രൂപായുമാണ് പ്രോജക്ടിൽനിന്നും ചിലവിടാനുദ്ദേശിക്കുന്നതു്. കേരള കോപ്പറേഷൻ പ്രധാനമായും സ്റ്റീൽ വർക്കിനു വേണ്ടിയുള്ളതാണ്. ലവീന എഞ്ചിനീയറിങ്ങ് വർക്ക്സ് ഒരു ഫാബ്രിക്കേററിങ്ങ് കെമിക്കൽ പ്ലാന്റായിരിക്കും.

പൂർ കെമിക്കൽസ്, പൂർ‌ാേ ഫാമാ ക്യാററിൽ ഫീഡ്സ്, എന്നീ മൂന്നു് യൂണിററുകൾക്കായുള്ള കെട്ടിടങ്ങളുടെ പണി ആരംഭിച്ചുവരുന്നു. കെമിക്കൽ നിർമ്മാണം മാത്രം നടത്താനുദ്ദേശിക്കുന്ന പൂർ കെമിക്കൽസ് യൂണിററിൽ 1,47,500 രൂപായും, ടേബ്ലററുകൾ, ടിംബറുകൾ, സിറപ്പുകൾ, ഓയിൽമെൻററുകൾ മുതലായവയുടെ നിർമ്മാണയൂണിററായിട്ടുള്ള പൂർ‌ാേ ഫാർമസ്യൂക്ക് 1,17,500 രൂപായും, കന്നുകാലി തീററ നിർമ്മിക്കുന്നതിനുദ്ദേശിച്ചിട്ടുള്ള ക്യാററിൽഫീഡ് യൂണിററിനു 66,250 രൂപയുമാണ് പ്രോജക്ടിൽനിന്നു ചിലവിടാനുദ്ദേശിച്ചിട്ടുള്ളതു്. ഏററവും വേഗത്തിൽ ഇവയുടെ നിർമ്മാണം പൂർത്തിയാക്കി ഉല്പാദകന്മാർ ഇടപാടുകൾ നടത്തുന്നതിനു വേണ്ട എല്ലാ നടപടികളും കൈക്കൊണ്ടുവരുന്നുണ്ട്.

ഈ എസ്റ്റേററിലെ യൂണിററുകളുടെ ആവശ്യത്തിനുവേണ്ട വൈദ്യുതശക്തി ലഭിക്കുന്നതിനുവേണ്ടി എസ്റ്റേററിന്റെ സമീപപ്രദേശത്തു് ഒരു ട്രാൻസ്ഫോർമർ സ്റ്റേഷൻ തന്നെ താമസംവിനാ സ്ഥാപിക്കപ്പെടുന്നതാണ്. ആ സൗകര്യം അവിടെ എളുപ്പത്തിൽ സംജാതമാകുന്നതും വ്യവസായികളെ ഉൽസുകരാക്കുന്നതിനു് കാരണമായേക്കാവുന്നതാണ്. അതുപോലെ എസ്റ്റേററ് ആസ്ഥാനത്തിലേക്ക് ടെലിഫോൺ ലൈൻ നീട്ടിക്കിട്ടുന്നതും ഉടനെയുണ്ട്. എസ്റ്റേററിന്റെ നിർമ്മാണകാല പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനു ടെലിഫോൺ ബന്ധം സ്ഥാപിച്ചുകിട്ടുന്നതു് അത്യധികം ഉപകാരപ്രദമായിരിക്കും. വ്യവസായ എസ്റ്റേററിലെ വിവിധ യൂണിററുകളുടെ നടത്തിപ്പുകാർക്കും അവയിലെ വിവിധ യൂണിററുകളുടെ നടത്തിപ്പുകാർക്കും അവയിലെ ജോലിക്കാർക്കും താമസിക്കുന്നതിനുവേണ്ട നിരവധി കെട്ടിടങ്ങളും അവിടെ ഉയർന്നുവരാനിടയുണ്ട്. ചിലതെല്ലാം ഇപ്പോൾതന്നെ ഉണ്ടാക്കിക്കഴിഞ്ഞിരിക്കുന്നു. എല്ലാം പൂർത്തിയായി കഴിയുമ്പോൾ അരൂർ പ്രദേശം ഒരു കൊച്ചു ടൗൺഷിപ്പായി വികസിക്കുന്ന കാലം അത്രയൊന്നും വിദൂരത്തിലല്ലെന്നു വിശ്വസിക്കാവുന്നതാണ്. അങ്ങനെ ആലപ്പുഴ ജില്ലയുടെ വടക്കേ അതിർത്തിയിലുള്ള പ്രവേശനകവാടം ഇപ്പോൾ വ്യവസായ ലക്ഷ്മിയുടെ ഒരു കൊട്ടാരമായി രൂപംപൂണ്ടു വരികയാണ്.

മാനേജിങ്ങ് ഏജൻസി സമ്പ്രദായത്തിന്റെ ഭാവി അന്വേഷിക്കാൻ കമ്മററിയെ നിയമിച്ചു

ന്യൂഡൽഹി, ജനു. 7

ഇന്ത്യയിൽ മാനേജിങ്ങ് ഏജൻസി സമ്പ്രദായത്തിന്റെ ഭാവിയെക്കുറിച്ചു് പര്യാലോചിക്കുന്നതിനു് ഇന്ത്യാഗവണ്മെന്റു് ഒരു അഞ്ചംഗക്കമ്മററിയെ നിയമിച്ചിരിക്കുന്നു. ധനകാര്യവകുപ്പിൽ മുഖ്യസാമ്പത്തികോപദേഷ്ടാവായ ഡോ: ഐ. ജി. പട്ടേലാണു് കമ്മററിയുടെ ചെയർമാൻ. ധനകാര്യവകുപ്പു് അഡീഷണൽ സെക്രട്ടറിമാരായ മി. കെ. എൽ. ഘോഷ്, മി. ബി. എൻ. അഡർക്കർ എന്നിവരും, വ്യവസായ സപ്ലൈ വകുപ്പിൽ സ്പെഷ്യൽ ആഫീസറായ മി. കെ. സി. റാവുവും വാണിജ്യവകുപ്പു് ജോയിന്റ് സെക്രട്ടറി മി. എസ്. ബോറയും ആണു് മററംഗങ്ങൾ. ധനകാര്യവകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി മി. ഫക്കീർചന്ദ് കമ്മററിയുടെ സെക്രട്ടറിയായിരിക്കും.

....

ഹിന്ദി പ്രചാരകസംഘടനകൾക്കു് ധനസഹായം

അപേക്ഷകൾ മാർച്ചു് 31 വരെ സ്വീകരിക്കും

ന്യൂഡൽഹി, ജനു. 7

ഹിന്ദി പ്രചാരണം ചെയ്യുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള സംഘടനകൾക്കു് 1965-66 ൽ ധനസഹായം നൽകുന്നതിനു് കേന്ദ്രവിദ്യാഭ്യാസവകുപ്പു് അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു.

സംസ്ഥാനവിദ്യാഭ്യാസവകുപ്പുകളിൽനിന്നു ലഭിക്കുന്ന ഫോറങ്ങളിൽ ബന്ധപ്പെട്ട സംസ്ഥാനഗവണ്മെന്റുകൾ വഴിയാണു് അപേക്ഷകൾ അയക്കേണ്ടതു്. കേന്ദ്രവിദ്യാഭ്യാസവകുപ്പിലെ ഭാഷാവിഭാഗത്തിൽനിന്നും കല്ക്കത്തയിലേയും, മദിരാശിയിലേയും കേന്ദ്രഹിന്ദി ഡയറക്ടറേററിന്റെ റീജിയണൽ ആഫീസർമാരിൽനിന്നും നിർദ്ദിഷ്ടഫോറങ്ങളും മററു വിവരങ്ങളും കിട്ടുന്നതാണ്.

1964-65-ലെ മുൻ വർഷങ്ങളിലെ കിട്ടിയ ധനസഹായത്തിന്റേയും അതു് ഉപയോഗപ്പെടുത്തിയതിന്റേയും ആഡിററ് ചെയ്ത കണക്കുകൾ അടക്കം ചെയ്ത അപേക്ഷകൾ ഏപ്രിൽ 30-നുമുമ്പ് കേന്ദ്രവിദ്യാഭ്യാസവകുപ്പിനു് ലഭിച്ചിരിക്കണം.

....

സിനിമാനടിയ്ക്ക് ഒരു മാസം

മദ്രാസ്, ജന 5

പ്രബല തമിഴ് സിനിമാനടിയായ ജി. വരലക്ഷ്മിയെ മദ്രാസ് 6-ാമത്തെ മജിസ്ട്രേട്ട് ശ്രീ. കെ. എസ്സ്. രാജഗോപാലൻ ഇന്നലെ ഒരു കേസ്സിൽ 200ക. പിഴയടക്കാനും പിഴ അടക്കാത്തപക്ഷം ഒരു മാസം തടവിന്നും ശിക്ഷിച്ചിരിക്കുന്നു.

ഒരു കോടതി ആമീനെ ചെരിപ്പുകൊണ്ടു് അടിച്ചു എന്നതായിരുന്നു വരലക്ഷ്മിയുടെ പേരിലുള്ള കേസ്സ്. മദ്രാസ് സ്മാൾകാസ് കോടതിയിൽ നിന്നു് പുറപ്പെടുവിച്ച ഒരു സമൻസ് നടത്തുന്നതിന്നു് വരലക്ഷ്മിയുടെ വീട്ടിൽ ചെന്ന ആമീൻ വേണുഗോപാലനുമായി വരലക്ഷ്മി പിണങ്ങിത്തെററുകയും കാലിൽ കിടന്ന ചെരിപ്പൂരി വേണുഗോപാലനെ അടിച്ചു വഴിയിലാക്കുകയും ചെയ്തു എന്ന വേണുഗോപാലന്റെ പരാതിപ്രകാരം ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയെന്നതിന്നു പോലീസ് ചാർജ്ജ് ചെയ്തതായിരുന്നു ഈ കേസ്സ്. വരലക്ഷ്മി പിഴയടച്ചു.

....o....

പോസ്റ്റാപ്പീസുകളിലെ നിക്ഷേപങ്ങൾ

തൃശ്ശൂർ, ജനു 7

പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്ക് എക്കൌണ്ടുകളും സഞ്ചിതനിക്ഷേപ എക്കൌണ്ടുകളും ഒരു സ്ഥലത്തുനിന്നു മററൊരു സ്ഥലത്തേക്കു മാററുവാൻ എസ്സ്. ബി. 10 (ബി) ഫാറത്തിൽ അപേക്ഷിക്കേണ്ടതാണെന്നു് അധികൃതർ അറിയിച്ചിരിക്കുന്നു. ഈ അപേക്ഷ പുതിയ സ്ഥലത്തുള്ള പോസ്റ്റാഫീസ്സിൽ കൊടുത്താൽ മതി. ഈ മാററത്തിന്നു നിക്ഷേപകർക്ക് യാതൊരു ചിലവും വഹിക്കേണ്ടതില്ല. സാധാരണ മൂന്നുമാസത്തിൽ ഒരിക്കൽ മാത്രമേ എക്കൗണ്ടുകൾ മാററാൻ അനുവദിക്കുകയുള്ളുവെങ്കിലും നിക്ഷേപകരുടെ നിയന്ത്രണത്തിന്നു് അതീതമായ കാരണംകൊണ്ടു് വേണ്ടിവരുന്ന മാററങ്ങൾ അനുവദിക്കുന്നതായിരിക്കും.

o—

റേഡിയോ

ജനുവരി 9 ശനി

തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ

454 6, 441.2, 517 മീററർ

രാവിലെ
6-50 മംഗളവാദ്യം
6-55 പരിപാടി ചുരുക്കം
7-00 ഭക്തിഗീതം
7-25 ഇന്നത്തെ ചിന്താവിഷയം
7-30 വാർത്തകൾ മലയാളത്തിൽ
7-45 സംഗീതപാഠം
8-00 വാർത്തകൾ ഇംഗ്ലീഷിൽ
8-15 സംഗീതം

ഉച്ചക്കു്
12-30 പ്രാദേശികവാർത്തകൾ
12-35 തൊഴിലാളിമണ്ഡലം
1-05 വൃന്ദവാദ്യം
1-20 വാർത്തകൾ മലയാളത്തിൽ
1-30 ലളിതഗാനങ്ങൾ
1-40 വാർത്തകൾ ഹിന്ദിയിൽ
1-50 സുഗമസംഗീതം
2-00 കാലാവസ്ഥ

വൈകിട്ടു്
4-30 മാസ്റ്റർ വിദ്യാലയം [ശബ്ദലേഖനം
5-30 ബാലരംഗം
6-00 പ്രാദേശിക അറിയിപ്പു
6-05 പ്രാദേശികവാർത്തകൾ
6-15 നാട്ടിൻപുറം
7-00 പുതിയപുസ്തകങ്ങൾ [നിരൂപണം)
7-10 നാടകഗാനങ്ങൾ
7-30 വാർത്തകൾ മലയാളത്തിൽ
7-45 നാടകം [ചന്ദ്രഹാസൻ)
8-15 നാടോടിപ്പാട്ടുകൾ
8-30 റേഡിയോന്യൂസ് റീൽ
8-45 ഗാനമഞ്ജരി
8-55 ഇന്നത്തെ ചിന്താവിഷയം
9-00 വാർത്തകൾ ഇംഗ്ലീഷിൽ
9-15 ജാഗ്രത
9-30 ദേശീയ സംഗീതപരിപാടി
10-30 വാർത്തകൾ ഇംഗ്ലീഷിൽ
10-35 സമാപനം

കാട്ടാനശല്ല്യം

(സ്വ ലേ) ചാലക്കുടി, ജനു. 7

മററത്തൂർ വില്ലേജിൽ വിമുക്തഭടകോളണിയിൽ രൂക്ഷമായി കാട്ടാനശല്ല്യം വർദ്ധിച്ചിരിക്കുന്നതായി പരാതി ഉയർന്നിരിക്കുന്നു. പല കാർഷിക വിളവുകളും ഇതിനകം നശിപ്പിക്കപ്പെട്ടിട്ടുണ്ടു്.

ഇതുസംബന്ധിച്ചു് നാട്ടുകാർ ജില്ലാ കലക്ടർക്കും മററും പരാതികൾ കൊടുത്തിരുന്നുവെങ്കിലും ഈ ശല്യം തടയുവാനായി യാതൊരു കരുതൽ നടപടിയും കൈക്കൊണ്ടിട്ടില്ലെന്നു പരാതികളുണ്ടു്.

....

'അൾത്താര' കണ്ടപ്പോൾ

ഒരു കത്തോലിക്കാ മേലധ്യക്ഷന്മാരോട് ഒരഭ്യർത്ഥന

(പി. ടി. ചെറിയാൻ)

നമ്മുടെ പാരമ്പര്യമുള്ള ലോകത്തിൽനിന്നു ലഭിക്കാവുന്നതിൽ അല്ലെങ്കിലും കൂടുതൽ അറിവും ആഹ്ലാദവും ലഭിക്കുന്നില്ലെങ്കിൽ, സിനിമാ കാണുന്നതിനു വേണ്ടി വ്യയം ചെയ്യുന്ന പണവും സമയവും ഒരു പാഴ്ചെലവാണെന്നുള്ള പക്ഷക്കാരനാണു് ഞാൻ. ഒരു പക്ഷെ ഇതൊരു പിന്തിരിപ്പൻ മനസ്ഥിതിയായിരിക്കാം. ഏതായാലും സിനിമാ കാണുന്നതിനു് ചിലർക്കുള്ളത്ര വെപ്രാളം എനിക്കില്ല. അങ്ങനെയിരിക്കെയാണു് ഈയിടെ പുറത്തിറങ്ങിയ നീലായുടെ 'അൾത്താര' എന്ന ചലച്ചിത്രം കത്തോലിക്കാ മെത്രാപ്പോലീത്തന്മാരുടെ അനുഗ്രഹാശിസ്സുകൾ നേടിയിരിക്കുന്നുവെന്ന വിവരം വർത്തമാനപത്രങ്ങളിലെ പരസ്യങ്ങളിൽ നിന്നു മനസ്സിലായതു്. വൈദിക മേലധ്യക്ഷന്മാർ ആശീർവദിച്ചനുഗ്രഹിച്ചിരിക്കുന്ന ഒരു ചിത്രം കാണാതിരിക്കുന്നതു് ഒരു പോരായ്മയല്ലേ? മാത്രമല്ല, അതു കുമ്പസാരരഹസ്യത്തിന്റെ അഭംഗുരതയെ പ്രദ്യോതിപ്പിക്കുന്ന ഒരു ചിത്രമാണെന്നും പറഞ്ഞുകേട്ടു. അങ്ങനെയെങ്കിൽ, അതുതന്നെ കാണാതിരിക്കുന്നതു് ഒരു നഷ്ടമായിരിക്കുമെന്നും എനിക്കു് തോന്നി.

കുമ്പസാരരഹസ്യത്തിന്റെ അഭംഗുരത പ്രകടമാക്കുന്ന തരത്തിൽ ഒരു സിനിമായോ നാടകമോ സംവിധാനം ചെയ്യുക എളുപ്പമല്ലെന്നുള്ള ഒരു ധാരണയാണു് എനിക്കുണ്ടായിരുന്നതു്. കുമ്പസാരവിവരം വൈദികനും, അനുതപിച്ച പാപിയും, ദൈവവും മാത്രമറിയുന്ന ഒരു പരമരഹസ്യമാണല്ലോ. വൈദികൻ ആ രഹസ്യം പാലിക്കുകയെന്നതാണു് പ്രമേയം. അപ്പോൾ അതു പ്രകടമാകണമെങ്കിൽ കുമ്പസാരിച്ച പാപിയോ, ദൈവമോ അതു നേരിട്ടു വെളിപ്പെടുത്തണം. കാരണം, വിവാദകരമായ കുമ്പസാരത്തിൽ വൈദികനോടു് പാപി പറഞ്ഞുവെന്നതിനു് എന്താണു് തെളിവു്? പറഞ്ഞിട്ടുണ്ടെന്നോ ഇല്ലെന്നോ പറയുവാൻ വൈദികനു് നിർവ്വാഹമില്ല. പാപിതന്നെ കുററം ഏററുപറയുകയാണെങ്കിൽ, അവിടെ കുമ്പസാരരഹസ്യത്തിന്റെ പ്രശ്നം ഉദിക്കുന്നില്ലല്ലോ. അസാമാന്യമായ വൈദഗ്ദ്ധ്യമുള്ള ഒരു നാടകകൃത്തിനു് മാത്രമേ ഈ വിഷയം വിജയപ്രദമായി കൈകാര്യം ചെയ്യുവാൻ സാധിക്കൂ.

കുമ്പസാര രഹസ്യത്തിന്റെ രക്തസാക്ഷി

കുമ്പസാരരഹസ്യത്തിന്റെ ഏററവും വലിയ രക്തസാക്ഷി വിശുദ്ധ യോഹന്നാൻ നെപ്പുംസ്യാനാണെന്നു തോന്നുന്നു. അദ്ദേഹം രാജ്ഞിയുടെ കുമ്പസാരക്കാരനായിരുന്നു. രാജ്ഞിയുടെ ചാരിത്ര്യത്തെപ്പററി രാജാവിനു സംശയം തോന്നി. അതിനാൽ രാജ്ഞി കുമ്പസാരത്തിൽ പറഞ്ഞ പാപങ്ങൾ തന്നോടു പറയുവാൻ രാജ്ഞിയുടെ കുമ്പസാരക്കാരനായ വിശുദ്ധനോടു് രാജാവു് ആവശ്യപ്പെട്ടു. കുമ്പസാര രഹസ്യം അലംഘ്യമെന്നു പറഞ്ഞു് അദ്ദേഹം അതിനു വിസമ്മതിച്ചു. മാത്രമല്ല, അതിന്റെ പേരിൽ അതിക്രൂരമായ പീഡനങ്ങൾ അനുഭവിക്കുകയും ചെയ്തു. നെപ്പുംസ്യാന്റെ ചരിത്രം നാടകമോ സിനിമായോ ആക്കിയാൽ അതു കുമ്പസാരരഹസ്യത്തിന്റെ അഭേദ്യതയ്ക്കു തെളിവാകും. കാരണം പറഞ്ഞിട്ടായാലും ഇല്ലെങ്കിലും സംശയിക്കപ്പെടാവുന്ന ഒരു പ്രത്യേക കാര്യമല്ലാ ഇവിടത്തെ പ്രശ്നം.

ഞാൻ 'അൾത്താര' കണ്ടു. പക്ഷെ അതിൽ കുമ്പസാര രഹസ്യമൊന്നും കണ്ടില്ല. കട്ടുവാ തോമസ് അഭയനെ വെടിവെച്ചു കൊന്നശേഷം, ഭാര്യയുടെ നിർബ്ബന്ധത്തിനു് വഴിപ്പെട്ടു ഫാ. മാന്തോപ്പന്റെ അടുക്കൽ കുമ്പസാരിക്കുന്നു. സന്ദർഭം നൽകിയ തെളിവുകൾ വെച്ചു കൊലപാതകക്കുററത്തിനു ഫാ. മാന്തോപ്പൻ അറസ്റ്റു് ചെയ്യപ്പെടുന്നു; ആരാണു കൊലപാതകം നടത്തിയതെന്നു ഫാദർ പറയുന്നില്ലെന്നുള്ളതു ശരി തന്നെ. പക്ഷെ അനേക കൊല്ലത്തെ കുമ്പസാരം മുടക്കമുണ്ടായിരുന്ന കട്ടുവാ തോമസ്, പരപ്രേരണയാൽ നടത്തപ്പെട്ട ഈ കുമ്പസാരത്തിൽ കൊലപാതകക്കാര്യം ഏററു പറഞ്ഞുവെന്നതിനു് എന്താണു് തെളിവു്? മഹാപാപിയായിരുന്ന അയാൾ ഒരു കള്ളക്കുമ്പസാരമാണു നടത്തിയതെന്നു വന്നാലോ? താൻ കുമ്പസാരത്തിൽ കൊലപാതകക്കാര്യം അല്പംപോലും പറഞ്ഞിട്ടുണ്ടെന്നും അയാൾ പറയുന്നില്ല. വൈദികൻ പറയുകയില്ലല്ലോ. എന്നു മാത്രമല്ല, കുമ്പസാരിക്കുന്നതിനു മുമ്പുതന്നെ കൊലപാതകക്കാര്യം അയാൾ ഭാര്യയോടു പറഞ്ഞിരിക്കുന്നു. അങ്ങനെ അതിന്റെ രഹസ്യസ്വഭാവം നഷ്ടപ്പെട്ടിരിക്കുന്നു.

കത്തോലിക്കാ വൈദികന്റെ പ്രതീകമല്ല

ഒരു കത്തോലിക്കാ വൈദികൻ–അദ്ദേഹം എത്രതന്നെ ഉത്തമനോ ദുർബ്ബലനോ കള്ളക്കടിയനോ പാപിയോ ആയിക്കൊള്ളട്ടെ–കുമ്പസാരരഹസ്യം വെളിപ്പെടുത്തുകയില്ല. വെളിപ്പെടുത്തുകയില്ലായെന്നതിനു കഴിഞ്ഞ രണ്ടായിരം കൊല്ലത്തെ അനുഭവംതന്നെ തെളിവു്. പക്ഷെ അൾത്താരയിലെ ഫാ. മാന്തോപ്പിൽ ഒരു നല്ല കത്തോലിക്കാ വൈദികനായിരിക്കുന്നില്ല. കോടതിയിൽവച്ചു സർക്കാർ വക്കീലിന്റെ നിശിതമായ ചോദ്യങ്ങൾക്കു മുമ്പിൽ അയാൾ ഞെളിപിരികൊള്ളുകയും പുറംപാടും പകച്ചു നോക്കുകയും ചെയ്യുന്നു. എന്തിനാണു് അങ്ങനെ പകച്ചു നോക്കുന്നതു്. ആരെങ്കിലും വന്നു നേരു പറഞ്ഞു തന്നെ രക്ഷിക്കണമെന്നു കരുതിയാണോ? അതോ, കുററം ചെയ്തവൻ ആൾക്കൂട്ടത്തിൽ നില്ക്കുന്നുവെന്നു നേത്രസംജ്ഞകൊണ്ടു മനസ്സിലാക്കിക്കൊടുക്കാനാണോ? ഏതായാലും ധീരത പ്രസംഗിക്കുന്ന ഈ ഫാ. മാന്തോപ്പൻ പ്രതിക്കൂട്ടിൽ ഒരു ഭീരുവായിട്ടാണു കാണുന്നതു്. ഒരു രക്തസാക്ഷിയാകാനല്ലാ, തടിതപ്പുവാനാണു് അയാൾക്കു വെമ്പൽ. തീർച്ചയായും അദ്ദേഹം ഒരു കത്തോലിക്കാ വൈദികന്റെ പ്രതീകമല്ല! (കൊലപാതകക്കേസ്സു വിസ്തരിക്കുന്ന മജിസ്ട്രേട്ടു കോടതിയിൽ, സിനിമാശാലയിലെന്നപോലെ സ്ത്രീകൾക്കു മുൻപന്തിയിൽ സീററുകൊടുക്കാറുണ്ടോ?)

കഥയിലെ ഒരു പ്രധാന കഥാപാത്രമായ ഈ ഫാ. മാന്തോപ്പൻ ഒരു ജാരസന്തതിയാണെന്നാണു് കഥാകൃത്തു് പറയുന്നതു്. പക്ഷെ അദ്ദേഹത്തിന്റെ ആ ഉൽപ്പത്തിയും ഈ കഥയുമായുള്ള ബന്ധം എന്തെന്നു വ്യക്തമല്ല. കൈക്കാരനായ ദേവസ്യാച്ചൻ മുതലാളിയുടെ വളർത്തുപുത്രനാകുവാൻ അദ്ദേഹത്തെ ജാരസന്തതിയാക്കണമെന്നില്ലല്ലോ. നിർധനയായ ഒരു സഹോദരിയുടെ പുത്രനെയോ അനാഥശാലയിൽനിന്നുള്ള ഒരു കുട്ടിയെയോ എടുത്തു വളർത്തിയാലും മതിയല്ലോ. ശരിയായ വിവാഹത്തിൽനിന്നു ജനിക്കാത്തവരെ കത്തോലിക്കാസഭ വൈദികപദത്തിലേക്കെടുക്കാറില്ലെന്നുള്ള വസ്തുത ഒരു പക്ഷെ കഥാകൃത്തു് അറിഞ്ഞിരിക്കുകയില്ല. അതോ ജാരസന്തതികളോടുള്ള അദ്ദേഹത്തിന്റെ വാത്സല്യം അവരിൽ ഒരാളെ വൈദികനാക്കി ബഹുമാനിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതായിരിക്കുമോ? അതെന്തുമാകട്ടെ. ഫാ. മാന്തോപ്പന്റെ ശാരീരികമായ ഉൽപ്പത്തി എങ്ങനെയായിരുന്നാലും മാനസികമായി അദ്ദേഹം കത്തോലിക്കാ വൈദികത്വത്തിലെ ഒരു ജാരസന്തതിയാണു്. ഒരു കത്തോലിക്കാ വൈദികൻ പറയാത്തതു്–പറഞ്ഞുകൂടാത്തതു്–പലതും അദ്ദേഹം പറയുന്നുണ്ടു്? കത്തോലിക്കാസഭയുടെ അഭിമാനം രക്ഷിക്കാൻ വേണ്ടിവന്നാൽ തോക്കു പ്രയോഗിക്കുമെന്നു ഭ്രാന്തില്ലാത്ത ഒരു കത്തോലിക്കാ വൈദികൻ പറയുകയില്ല.

തിന്മയുടെ പിന്നാലെ അലയരുതു്

ഇന്ത്യാ ഒരു മതേതര രാഷ്ട്രമാണു്. സ്വതന്ത്രമായി ചിന്തിക്കുന്നതിനും എഴുതുന്നതിനും ഇവിടെ ഏവർക്കും സ്വാതന്ത്ര്യമുണ്ടു്. അതിനാൽ കഥാകൃത്തിനു് ഇങ്ങിനെയൊക്കെ എഴുതുവാൻ സ്വാതന്ത്ര്യമുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. അതൊക്കെ അങ്ങനെതന്നെയായിക്കൊള്ളണമെന്നില്ലെന്നു പറയുവാനുള്ള സ്വാതന്ത്ര്യം എനിക്കുള്ളതുപോലെതന്നെ. ഈ ലോകത്തിൽ തിന്മ ധാരാളമുണ്ടു്. ചിലപ്പോൾ തിന്മ നന്മയെ അഭിഭവിക്കുന്നുവെന്നതും ശരി. എന്നാൽ സംസ്കാരത്തിന്റെ കാവൽക്കാരായിരിക്കേണ്ട കലാകാരന്മാർ, നിസ്സഹായരായി തിന്മയുടെ പിന്നാലെ അലയുന്നതു് അഭിനന്ദനീയമായ ഒരു നടപടിയല്ല. നന്മ പരാജയപ്പെടുന്നതും തിന്മ സർവ്വത്ര വിജയിക്കുന്നതുമായ ഒരു കലാസൃഷ്ടിയെ നാം പ്രോത്സാഹിപ്പിക്കണമോ? അത്തരമൊരു കലാസൃഷ്ടി വരുത്തിവെക്കാവുന്ന ധാർമ്മികാധഃപതനത്തിന്റെ ഉത്തരവാദിത്വത്തിൽ കലാകാരനെന്നപോലെ അയാളെ പ്രോത്സാഹിപ്പിക്കുന്നവർക്കും പങ്കുണ്ടെന്നാണു എന്റെ അഭിപ്രായം.

നല്ലഭാര്യ

'അൾത്താര'യിൽ കൊലപാതകക്കുററത്തിനു പ്രതിക്കൂട്ടിൽ നിൽക്കുന്ന വൈദികൻ നിരപരാധിയാണെന്നു് നമുക്കറിയാം. അദ്ദേഹം രക്ഷപെടണമെന്നു നമുക്കാഗ്രഹമുണ്ടു്. പക്ഷെ, അദ്ദേഹത്തെ രക്ഷിക്കുവാൻ കട്ടുവാതോമായുടെ ഭാര്യ, തന്റെ ഭർത്താവാണു് കൊലപാതകിയെന്നു വിളിച്ചു പറയുന്നതു ശരിയാണോ? കേരളത്തിലെ ഭാര്യമാർ അങ്ങനെ ചെയ്യുമെന്നു് എനിക്കഭിപ്രായമില്ല. കഥാകൃത്തിന്റെ അനുഭവം മറിച്ചാണെങ്കിൽ ഞാൻ അതിനെ ചോദ്യം ചെയ്യുന്നില്ല. ഏതായാലും, ബഹുഭൂരിപക്ഷം കേരളസ്ത്രീകളും അതു ചെയ്യുകയില്ലെന്നു ഉറച്ച തീർച്ചയാണു്. നീതിമാൻ രക്ഷപെടണമെന്നും, തിന്മ പരാജയപ്പെടണമെന്നും അവർക്കാഗ്രഹമില്ലാത്തതുകൊണ്ടല്ല. കുമ്പസാരരഹസ്യം പോലെയോ അതു തന്നെ പറയാവുന്ന പാവനവും അലംഘ്യവുമായ ഒരു ബന്ധത്തിന്റെ പങ്കാളികളാണു് അവരെന്നുള്ളതാണു് അതിനു് കാരണം. ഉത്തമനായ കട്ടുവാതോമ്മാ പോലും എത്ര ആത്മവിശ്വാസത്തോടെയാണു് ആ രഹസ്യം ഭാര്യയെ അറിയിക്കുന്നതു്. ഒരു ഭാര്യ അവളുടെ ഭർത്താവിനെ കാററിക്കൊടുക്കുന്നതിൽ ഭേദം നീതിമാനായ ഒരുവൻ കുററക്കാരനായി ശിക്ഷയനുഭവിക്കുകതന്നെയാണു്. ഫാദർ മാന്തോപ്പൻ ഒരു യഥാർത്ഥ കത്തോലിക്കാ വൈദികനാണെങ്കിൽ, ആ ഭാര്യയുടെ പ്രവൃത്തിയെ തീർച്ചയായും അപലപിക്കുകതന്നെ ചെയ്യും.

കട്ടുവാതോമ്മായാണു് അഭയനെ കൊന്നതു് എന്നതു് ശരിതന്നെ. പക്ഷെ മററു മുതലാളിയുടെ മകൻ ചെറിയാൻകുഞ്ഞിന്റെ കൈയിൽ ഒരു പാവമാത്രം. ചെറിയാൻകുഞ്ഞു പറഞ്ഞിട്ടാണു് അയാൾ കൊല നടത്തുന്നതു്. കൊല്ലുന്നതിനുള്ള തോക്കു സമ്പാദിച്ചുകൊടുക്കുന്നതും ചെറിയാനാണു്. ആ പ്രദേശത്തു നടക്കുന്ന പല അധർമ്മങ്ങൾക്കും, കൊലയേററങ്ങൾക്കും കാരണക്കാരൻ ചെറിയാൻകുഞ്ഞും കപ്യാരു ചാണ്ടിയുമാണു്. ഹരിശ്ചന്ദ്രന്റെ അനുജന്മാരെപ്പോലെ നേരഹിതരായി അവർ രക്ഷപ്പെടുകയാണു് കഥയിൽ. സ്ത്രീലമ്പടനായ മുതലാളിയുടെ കാര്യം പറയാനുമില്ല. ഇത്തരം അക്രമികളെയൊക്കെ കയറൂരിവിടുകയെന്നതാണോ കഥാകൃത്തിന്റെയും സിനിമാക്കാരുടെയും അഭിപ്രായമെന്നു വ്യക്തമല്ല. ഏതായാലും കഥാകൃത്തിനു് അവരുടെ പേരിൽ വലിയ അനുകമ്പയാണു്. അത്തരക്കാരുടെ ഒരു സംഘം കെട്ടിപ്പടുക്കണമെന്നായിരിക്കാം അദ്ദേഹത്തിന്റെ ലക്ഷ്യം. കന്നുപെന്നാൽ കന്നിന്റെ കൂട്ടത്തിൽ എന്നുണ്ടല്ലോ.

ഇതെന്തൊരു കടയേററ പ്രദേശം

കലക്കവേണ്ടിയെന്നുവാദിക്കുന്നവർ പോലും ഈ സിനിമായെ അംഗീകരിക്കുമെന്നു് എനിക്കഭിപ്രായമില്ല. മലബാറിലെ ഒരു വനപ്രദേശത്തു കഥനടന്നുവെന്നാണു സങ്കല്പം. വനമൃഗങ്ങളിൽനിന്നു രക്ഷനേടാനാണല്ലോ ഫാദർ മാന്തോപ്പൻ തന്നെ തോക്കു കൊണ്ടുനടക്കുന്നതു്. പക്ഷെ ഒരു ചെറിയ കുടിയേററക്കാരനായ മാത്തൻസാറിന്റെ പറമ്പു് എറണാകുളത്തെ സുഭാഷ്ബോസ് പാർക്കിനെക്കാൾ മനോഹരമായ ഒരു കൃത്രിമ പൂന്തോട്ടമാണു്, അവിടത്തെ പള്ളി തൃശൂർ ലൂർദ്ദ് പള്ളിയെക്കാൾ ഗംഭീരമാണു്. മാത്തൻസാറിന്റെ പുരയിടത്തിൽ പെട്ടെന്നു തീർത്ത കുടിലിലെ കസേരകൾ പണ്ടു് എറണാകുളം ദർബാർഹാളിൽ ഉണ്ടായിരുന്നവയെക്കാൾ മനോഹരങ്ങളാണു്. വിസ്താരം കഴിഞ്ഞു വിധിപറയാൻ മാററിവെച്ചിരിക്കുന്ന ഒരു കൊലക്കേസിലെ പ്രതിയെ അദ്ദേഹമപ്പോകാരം ചെയ്യുമെന്നുള്ള ഒരു പെണ്ണിന്റെ വാക്കുകേട്ടു് പോലീസുകാർ വിലങ്ങുവെട്ടി വിടുന്ന അത്ഭുതകരമായ പ്രതിഭാസവും ഈ സിനിമായിൽ കാണാം. സിനിമാ തുടങ്ങുന്നതുതന്നെ 25-30 വയസ്സു പ്രായം തോന്നിക്കുന്ന, മുണ്ടും ചട്ടയും മാത്രം ധരിച്ച, ഒരു പെൺപിറന്നവരുടെ ഗാനസമ്മിശ്രമായ തുള്ളിച്ചാട്ടങ്ങളോടുകൂടിയാണു്. സിനിമായുടെ ആദ്യം ഇങ്ങനെയൊരു തുടക്കം ആവശ്യമാണോ?

എനിക്കു് ഇപ്പോഴും മനസ്സിലാകാത്ത മറെറാരു സംഗതിയുണ്ടു്. അഭയൻ എന്തിനാണു രോഗിണിയായ റിബേക്കായെ വിവാഹം ചെയ്യാമെന്നു പറഞ്ഞതു്? അവളുടെ മനസ്സന്തോഷമുളവാക്കി അവളെ മരണത്തിൽനിന്നു രക്ഷിക്കാനാണത്രേ. വിശ്വസിക്കാൻ വിഷമം. അതങ്ങനെയാണെന്നുതന്നെ വെക്കുക. അത്രമാത്രം ത്യാഗിയും ഉദാരനും നിസ്വാർത്ഥനുമായ അഭയൻ, അതേവരെ വളരെ മതഭക്തയായി ചിത്രീകരിക്കപ്പെട്ടിരിക്കുന്ന റിബേക്കായുടെ കൂടുതൽ മനഃസന്തോഷത്തിനുവേണ്ടി, ആരും പറയാതെതന്നെ, അവളുടെ മതംകൂടി സ്വീകരിക്കാമായിരുന്നില്ലേ? അഭയനെ ആ നിലയിൽ വിവാഹം ചെയ്യുന്നതിനെ സ്വന്തം പിതാവും സമുദായവും അംഗീകരിക്കുകയില്ലായെന്നറിയുന്ന റിബേക്കായ്ക്കു യഥാർത്ഥത്തിൽ മനസ്സമാധാനമുണ്ടാകുമോ? മതത്തിന്റെ കാര്യത്തിൽ അഭയൻ അഭിമാനത്തിന്റെ കാര്യത്തിൽ അഭയൻ അഭിമാനിയാണെങ്കിൽ, അത്തരം അഭിമാനം റിബേക്കയുടെ പിതാവിനും ഉണ്ടാകാമെന്നു വിവാഹാലോചനയ്ക്കു മുൻപു് അയാൾ ചിന്തിക്കേണ്ടതല്ലേ? താൻ വിവാഹം ചെയ്യാമെന്നു സമ്മതിച്ച റിബേക്കായുടെ ജീവനെക്കാൾ അഭയനു് അയാളുടെ മതമാണു് പ്രധാനമെങ്കിൽ, താനും തന്റെ ഇളയ പുത്രിയും മേലിലും ജീവിക്കേണ്ട മതമാണു് തനിക്കു പ്രധാനമെന്നു മാത്തൻ സാറിനു പറഞ്ഞുകൂടേ? ഈ വിവാഹക്കാര്യത്തിൽ അഭയനെക്കാൾ കൂടുതൽ താല്പര്യം കഥാകൃത്തിനാണെന്നു തോന്നുന്നു.

അത്യാവശ്യ ഘട്ടങ്ങളിൽ, ചില പ്രത്യേക വ്യവസ്ഥകൾക്കു വിധേയമായി, കത്തോലിക്കാസഭ മിശ്രവിവാഹം അനുവദിക്കാറുണ്ടെന്നു് എനിക്കറിയാം. എന്നാൽ എത്ര പ്രേമബദ്ധരായ യുവതീയുവാക്കന്മാരും, വിവാഹം ചെയ്യുന്നതിനു മുൻപു കെട്ടിപ്പിടിക്കുന്നതും ഉമ്മവെക്കുന്നതും,–അതും അനുജത്തിയുടെ മുൻപിൽ–കാമുകന്റെ മടിയിൽ തലവെച്ചു കിടക്കുന്നതും, കെട്ടിമറിയുന്നതും മററും മററും അത്ര പന്തിയല്ലെന്നുള്ള അഭിപ്രായക്കാരനാണു ഞാൻ. തീരെ നിയന്ത്രിച്ചു നിർത്താൻ സാധിക്കാത്തവണ്ണം പ്രേമം അത്രകണ്ടു മൂർച്ഛിച്ചുപോയിട്ടുണ്ടെങ്കിൽ വേഗം ഒരു കാറെടുത്തു പള്ളിയിലോ രജിസ്ട്രാർ കച്ചേരിയിലോ ചെന്നു വിവാഹം നടത്തിയിട്ടു്, വന്നു മുറിക്കകത്തു കയറി കതകടച്ചിരുന്നു ഇതൊക്കെയാകാമായിരുന്നു. വിശ്വസിച്ചു തന്റെ ഭവനത്തിൽ താമസിപ്പിച്ച മാത്തൻ സാറിനോടു് ഇതിൽക്കൂടുതൽ വഞ്ചന അഭയനു കാണിക്കുക സാദ്ധ്യമല്ല. ഈ പേക്കൂത്തുകൾക്കു് "അൾത്താര" എന്ന പേരിടേണ്ടതില്ലായിരുന്നു. ഇതു കാണുന്ന ബാലികാ ബാലന്മാർക്കു ലഭിക്കുന്ന സന്മാർഗ്ഗപാഠം മനോഹരമായിരിക്കുന്നില്ലേ? പ്രായം തികഞ്ഞ ഒരു പെണ്ണിന്റെ രക്ഷക്കായി ഒരന്യ യുവാവിനെ വീട്ടിൽ താമസിപ്പിച്ചു് നാടുവിട്ടുനിൽക്കുന്ന പിതാക്കന്മാരെ എവിടെയെങ്കിലും കണ്ടിട്ടുണ്ടോ? എന്നാൽ ഈ ചിത്രത്തിൽ അങ്ങനെയും ഒരു സന്മാർഗ്ഗം പഠിപ്പിക്കലുണ്ടു്.

x x x

എനിക്കു കേരളത്തിലെ കത്തോലിക്കാ വൈദികമേലധ്യക്ഷന്മാരോടു വളരെ വിനീതമായ ഒരഭ്യർത്ഥനയുണ്ടു്. വ്യക്തികളെന്ന നിലയിൽ സിനിമകാണുന്നതിനുള്ള അവരുടെ സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുന്നില്ല. അവരും മനുഷ്യരാണല്ലോ. എന്നാൽ മെത്രാന്മാരെന്ന നിലയിൽ അവർ ഇത്തരം പേക്കൂത്തുകൾക്കു സാക്ഷിപത്രം നൽകി കൂടാത്തതാണു്. പരക്കിനാണെന്നു് അറിഞ്ഞിരുന്നെങ്കിൽ അവർ സാക്ഷിപത്രം നൽകുകയില്ലായിരുന്നുവെന്നു് എനിക്കറിയാം. അവർ യഥാർത്ഥത്തിൽ വഞ്ചിക്കപ്പെട്ടിരിക്കുകയാണു്. അവരെ ക്ഷണിച്ച വീരന്മാരുടെ സ്വാധീനതക്കും വാഗ്ധോരണിക്കും അവർ അടിമപ്പെട്ടുപോയതാണു്. ഇത്തരം ക്ഷണങ്ങൾ ലഭിക്കുമ്പോൾ കാര്യാകാര്യബോധമുള്ള വിശ്വസ്തരായ ആരെയെങ്കിലും, മുൻകൂട്ടി അയച്ചുകണ്ടു ബോധ്യപ്പെട്ടതിനുശേഷമേ ആശീർവ്വാദവും അനുഗ്രഹവും നൽകാവൂ. കലാപരമായി നല്ലതായ എല്ലാംതന്നെ മതാധ്യക്ഷന്മാർ പ്രോത്സാഹിപ്പിച്ചുകൊള്ളണമെന്നില്ല. കലാപരമായി മെച്ചമായിരുന്നാലും ധാർമ്മികമായി ഉൽകൃഷ്ടമായിരിക്കണമെന്നില്ല.

സിനിമാതാരങ്ങളും ചില വലിയ കമ്പനികളുടെ പരസ്യോപാധികളായിത്തീർന്നുകഴിഞ്ഞു. അതിനു് അവർക്കു വലിയ സംഖ്യയും കിട്ടുന്നുണ്ടു്. മഹാന്മാരുടെ സാക്ഷിപത്രങ്ങളും സമ്പാദിക്കുവാൻ ഏതൊരു വ്യവസായിയും ആഗ്രഹിക്കുമല്ലോ. കുറെ കൊല്ലങ്ങൾക്കുമുമ്പു് കേരളത്തിലെ ഒരു സോപ്പുവ്യവസായി മെത്രാന്മാരുടെ സാക്ഷ്യപത്രങ്ങളും അവരുടെ ഫോട്ടോസഹിതം പത്രങ്ങളിൽ പരസ്യപ്പെടുത്തിയിരുന്നതു് ഓർക്കുന്നു. ഇപ്പോൾ സിനിമയ്ക്കു് പരസ്യ ഏജൻസിയാകുവാൻ അവർ സമ്മതിച്ചതുപോലെ കാണുന്നു. അത്രതാണ ലവലിലേക്കു്, അവർ ഒരിക്കലും ഇറങ്ങരുതു് എന്നാണു് എന്റെ വിനീതമായ അഭ്യർത്ഥന. അതു് അനേകരെ വഴി തെററിക്കുവാൻ കാരണമായെന്നുവരും. കേരളത്തിലെ കത്തോലിക്കാ മെത്രാന്മാർ 'അൾത്താര' വന്നുകാണണമെന്നു് അവർ പരസ്യം ചെയ്യുന്നതു് കത്തോലിക്കരെ പ്രത്യേകിച്ചു വൈദികരേയും കന്യാസ്ത്രീകളേയും ആകർഷിക്കാനാണെന്നുള്ള പരമാർത്ഥം അവർ മറക്കരുതു്.

x x x x

"അൾത്താര"യെപ്പററി ശ്രീ. കെ. ബാലകൃഷ്ണൻ അദ്ദേഹത്തിന്റെ കൗമുദിയിൽ ഒരു രണ്ടുപേജു് നിരൂപണം പ്രസിദ്ധം ചെയ്തിട്ടുണ്ടു്. അതിൽ ഇങ്ങനെ ഒരു വാചകം കാണുന്നു: "കൊലമരം മുന്നിൽ പ്രത്യക്ഷപ്പെട്ടിട്ടും കുമ്പസാര രഹസ്യം പുറത്തുപറയാൻ ഫാദർ മാന്തോപ്പിൽ വിസമ്മതിച്ചു. കുമ്പസാരിക്കാൻ സ്വന്തം പാപഭാരത്തെപ്പററിയുള്ള വിചാരംകൊണ്ടു് അസ്വസ്ഥരാകുന്ന കത്തോലിക്കർ പള്ളിയിൽ ചെന്നു കുമ്പസാരം നടത്തുന്നതിൽ യാതൊരു അപകടവുമില്ലായെന്ന കത്തോലിക്കാ മതസന്ദേശത്തിന്റെ താമസിച്ചെത്തിയ പ്രചാരകനായ ശ്രീ. പൊൻകുന്നം വർക്കിയുടെ കുമ്പസാരമാണു് ഈ കഥയുടെ സന്ദേശം." ഈ അവസാനത്തെ വാചകത്തിലൂടെ ബാലകൃഷ്ണൻ ഉദ്ദേശിക്കുന്ന അർത്ഥമെന്തെന്നു എത്ര വായിച്ചിട്ടും എനിക്കു് പിടികിട്ടുന്നില്ല. കഥയുടെ സന്ദേശം പൊൻകുന്നം വർക്കിയുടെ കുമ്പസാരമാണെന്നോ, കത്തോലിക്കാ മതസന്ദേശമാണെന്നോ?

കത്തോലിക്കാ വൈദികർ കുമ്പസാരരഹസ്യം പുറത്തുവിടുമെന്നു ശ്രീ ബാലകൃഷ്ണൻ സംശയിക്കുന്നുണ്ടോ? ശ്രീ ബാലകൃഷ്ണന്റെ ആസ്ഥാനമായ തിരുവനന്തപുരത്തുതന്നെ പോലീസിന്റെയും ഗവണ്മെന്റിന്റെയും ശക്തിയായ സമ്മർദ്ദമുണ്ടായിട്ടും ഒരു പാവപ്പെട്ട കത്തോലിക്കാ വൈദികൻ കുമ്പസാരരഹസ്യം പരസ്യമാക്കാതിരുന്ന അനുഭവം മറക്കാൻ കാലമായിട്ടില്ലല്ലോ. കുമ്പസാരത്തെപ്പററിയുള്ള കത്തോലിക്കാ മതസന്ദേശം ഗ്രഹിക്കുന്നതിനു് ഏററവും പാപിയായ ഒരു കത്തോലിക്കനുപോലും വർക്കിയുടെയോ ബാലകൃഷ്ണന്റെയോ പ്രചരണം ആവശ്യമില്ല. സ്വന്തം പാപം മററൊരാളുടെ മുൻപിൽ ഏററുപറയുക വിഷമമുള്ള സംഗതിയാണു്. പക്ഷെ ഈ ലേഖകൻ ഒരു രഹസ്യം പറയട്ടെ. ജീവിതത്തിൽ ഏററവും സമാധാനകരമായി അനുഭവപ്പെട്ടിട്ടുള്ള നിമിഷങ്ങളും കുമ്പസാരക്കൂട്ടിൽനിന്നു് എഴുന്നേററുപോരുമ്പോഴുള്ള നിമിഷങ്ങളാണു്. അതു് അനുഭവിച്ചാലേ അറിയാൻ സാധിക്കൂ. വർക്കിയുടെയോ ബാലകൃഷ്ണന്റെയോ ഭാവനകൊണ്ടു കണ്ടെത്താവുന്നതല്ലാ ആ സമാധാനം.

റേഷന്റെ രക്തസാക്ഷി!

ജോഡിയാ – കഴിഞ്ഞ ദിവസം ഇവിടെ നടന്ന ഒരു കൊലപാതകം നാടിന്റെ മനസ്സാക്ഷിയെ ഞെട്ടിപ്പിച്ചു കളഞ്ഞതായി റിപ്പോർട്ടു ചെയ്യപ്പെടുന്നു.

ജോഡിയാ എന്ന സ്ഥലത്താണു് ഈ സംഭവം നടന്നതു്. ജാംനഗറിൽനിന്നു് 45 മൈൽ അകലെ. കൊല്ലപ്പെട്ടതു് 10 വയസ്സുള്ള ഒരു കൊച്ചുബാലനാണു്. കൊന്നതോ അവന്റെ പ്രിയപ്പെട്ട അമ്മയും.

ഒരു കൊച്ചു കുടുംബത്തിന്റെ അംഗങ്ങളാണിവർ. റേഷൻ വാങ്ങി ദിനരാത്രങ്ങൾ തള്ളിനീക്കുന്ന പാവങ്ങൾ.

കഴിഞ്ഞ ദിവസം മകനെ വിളിച്ചു് അമ്മ പറഞ്ഞു, 'റേഷൻ വേഗം വാങ്ങിക്കൊണ്ടുവരാൻ'. അവൻ പണവും പാത്രവുമായി റേഷൻകടയിലെ തന്നെ ന്യായവിലഷാപ്പിന്റെ പടിക്കലെത്തി. റേഷൻ കട തുറക്കാറായി. തള്ളും തിക്കും വർദ്ധിച്ചു. നൂറുകണക്കിനാളുകളാണു് റേഷൻ സമരത്തിനു് തയ്യാറായി നില്ക്കുന്നതു്.

നമ്മുടെ കൊച്ചു കാർഡിന്റെ നമ്പർ കടക്കാരൻ വിളിച്ചു. അവൻ തിക്കിനുള്ളിലൂടെ അരികോട്ടു് പാഞ്ഞു. കാർഡ് എടുത്തു പോക്കററിൽ തപ്പിയപ്പോൾ പണമില്ല പോലും. അവൻ ഞെട്ടിത്തെറിച്ചു. പലരും സഹതാപം രേഖപ്പെടുത്തി.

അവൻ അമ്മയുടെ അരികിലേക്കു് കണ്ണീരൊഴുക്കിക്കൊണ്ടു് ഓടിച്ചെന്നു തനിക്കു പററിയ തെററു് അറിയിക്കാൻ. മൂക്കിൻതുമ്പിൽ ശുണ്ഠിയുള്ള ആ അമ്മ മകനെ ആഞ്ഞു് ഒരലക്കു്. അവൻ പിടഞ്ഞു നിലത്തു വീണു.

ആ തളർന്ന ശരീരത്തിൽ ചൂടുള്ള കണ്ണീർ ധാരധാരയായി വീഴുമ്പോൾ, ആ മാതാവു് ഇപ്പോൾ മാതൃത്വത്തെപ്പററി ആലോചിക്കുന്നുണ്ടാകും.

★

നെഹ്റുവും ശാസ്ത്രീയ മനോഭാവവും

— എച്ച്. ജെ. ഭാഭ —

ശാസ്ത്രത്തിലും ശാസ്ത്രീയ സമ്പ്രദായത്തിലും ജവഹർലാൽ നെഹ്റുവിനു് അഗാധമായ വിശ്വാസമുണ്ടായിരുന്നു. "ശാസ്ത്രവും സാങ്കേതിക വിദ്യയുംകൂടാതെ നമുക്കു് പുരോഗതി പ്രാപിക്കാൻ കഴിയില്ല" എന്നു് അദ്ദേഹം മനസ്സിലാക്കി. പക്ഷെ നെഹ്റുവിനെ സംബന്ധിച്ചിടത്തോളം ശാസ്ത്രമെന്നതു് സാധാരണ നാം ആ പദംകൊണ്ടു് മനസ്സിലാക്കുന്നതിലും കവിഞ്ഞ എന്തോ ഒന്നായിരുന്നു. "സാഹസികമെങ്കിലും വിമർശനപരമായ ശാസ്ത്രീയമനോഭാവം, സത്യത്തിനും പുതിയ അറിവിനും വേണ്ടിയുള്ള തപര, പരീക്ഷണമോ പരിശോധനയോ കൂടാതെ യാതൊന്നും സ്വീകരിക്കാതിരിക്കൽ, പുതിയ തെളിവിന്റെ അടിസ്ഥാനത്തിൽ പഴയ നിഗമനങ്ങൾ മാററാനുള്ള കഴിവു്, നിരീക്ഷിച്ചറിയുന്ന വസ്തുതകളെ, മുൻകൂട്ടി സങ്കല്പിച്ചു വെച്ചിട്ടുള്ള സിദ്ധാന്തങ്ങളെയല്ല, ആശ്രയിക്കൽ, മനസ്സിന്റെ കഠിനമായ ശിക്ഷണം–ശാസ്ത്രം പ്രായോഗികമാക്കുന്നതിനു് മാത്രമല്ല, ജീവിതത്തിനും ജീവിതത്തിന്റെ നിരവധി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇവയൊക്കെ ആവശ്യമാണു്. ശാസ്ത്രീയ സമീപനവും മനോഭാവവും ഒരു ജീവിതമാർഗ്ഗം, ഒരു ചിന്താപ്രക്രിയ, സഹജീവികളോടൊത്തു് പ്രവർത്തിക്കുന്നതിന്റെയും അവരുമായി ബന്ധപ്പെടുന്നതിന്റെയും ഒരു സമ്പ്രദായം ആണു്, അല്ലെങ്കിൽ ആകണം" എന്നു് അദ്ദേഹം "ഇന്ത്യയെ കണ്ടെത്തൽ"ലിൽ എഴുതിയിട്ടുണ്ടു്.

ശാസ്ത്രവും ഹ്യൂമനിസവും പരസ്പരവിരുദ്ധമല്ല

ശാസ്ത്രീയ സംസ്കാരത്തേയും, മാനുഷികവും സൌന്ദര്യപരവുമായ മൂല്യങ്ങളേയും ഏതുതരത്തിൽപ്പെട്ട സൌന്ദര്യത്തിന്റേയും ആസ്വാദനം അടങ്ങുന്ന ഹ്യൂമനിസ്റ്റിക് സംസ്കാരത്തേയും പററി വളരെയെല്ലാം പറഞ്ഞുകേൾക്കുന്നുണ്ടു്. ഇവ സംയോജിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പററിയും ആളുകൾ സംസാരിക്കാറുണ്ടു്. പ്രത്യേക സംസ്കാരങ്ങളായി വിവരിക്കപ്പെടുന്ന ഇവ രണ്ടും പുറമെയുള്ള ലോകത്തോടു് നമ്മുടെ വ്യത്യസ്തവും അതേസമയം പരസ്പരപൂരകവുമായ രണ്ടു സമീപനങ്ങൾ മാത്രമാണെന്നു് ആരും ഓർക്കാറില്ല.

ഒരു കണികയുടെ സ്ഥാനവും വേഗതയും പൂരകസ്വഭാവത്തോടുകൂടിയ ഗുണവിശേഷങ്ങളാണല്ലോ. ഇതുപോലെ തന്നെ ലോകത്തു് നമ്മെ അഭിമുഖീകരിക്കുന്ന ഏതു് പ്രതിഭാസത്തേയും രണ്ടു വഴികളിലൂടെ സമീപിക്കാവുന്നതാണു്. രണ്ടു സമീപനങ്ങളുംകൂടി ഒരു സമയം ചെയ്യാൻ കഴിയില്ലെന്നേയുള്ളൂ.

